തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി പദ്ധതി

25 (*685) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സി. എച്ച് കുഞ്ഞമ്പു :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ ലഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്.

(ബി) തുറമുഖ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനായി സർക്കാർ Kerala Dock Workers (Safety, Health & Welfare) Regulations, 2009 പുറപ്പെടുവിച്ചിട്ടുണ്ട്.

2010-11 സാമ്പത്തിക വർഷം താഴെ പറയുന്ന കാര്യങ്ങൾക്കായി 44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

1. തുറമുഖ തൊഴിലാളികളുടെ ആരോഗ്യ ഇൻഷ്വറൻസ്
2. വിദ്യാഭ്യാസ സഹായം
3. സുരക്ഷാ ഉപകരണങ്ങളായ ഹെൽമറ്റ്, ഷൂസ്, ഗ്ലൗസ് എന്നിവ നൽകുന്നതിന്
4. വനിതാ തൊഴിലാളികളുടെ യാത്രാ സൗകര്യത്തിനായി ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ ഓരോ ബസ്സ് വാങ്ങുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

കോഴിക്കോട് തുറമുഖ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന തുറമുഖ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് 2,25,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം സേഫ്റ്റി ഹെൽമറ്റ്, സേഫ്റ്റി ഷൂ എന്നിവ വാങ്ങിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന തുറമുഖ തൊഴിലാളികൾക്ക് ഇവ വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനം നിലച്ച തുറമുഖങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷനും ഉത്സവ ബത്തയും നൽകാറുണ്ട്.

(ഡി) തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായിക മേഖലയുടെ വികസനത്തിനായി കർമ്മ പദ്ധതി

26 (*686) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ ഉന്നതിക്കുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്തു ; വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം കായിക മേഖലയ്ക്കുവേണ്ടി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ;

(സി) കായിക മേഖലയുടെ വികസനത്തിനായി 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചിട്ടുള്ള സഹായം എത്ര വീതമാണ് ;

(ഡി) പുതിയ തലമുറയെ കായിക രംഗത്തോട് ആഭിമുഖ്യമുള്ളവരായി വളർത്തിയെടുക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ ഉന്നതിക്കുവേണ്ടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly